# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 103   20.01.2014 -ലെ മറുപടിയ്ക്ക്

## വൈസ് ചാൻസലർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.റ്റി.എ.റഹിം<br>ശ്രീ. എം.എ.ബേബി<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ആർ.രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | എ | കേരളത്തിലെ സർവ്വകലാശാലകളിലെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും വ്യക്തമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ അനുസരിച്ചാണ് പ്രസ്തുത സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരെ നിയമിക്കുന്നത്. മൂന്ന് പേരടങ്ങുന്ന കമ്മിറ്റി നിർദ്ദേശിക്കുന്ന വ്യക്തിയെ ബഹു.ഗവർണറാണ് വൈസ് ചാൻസലറായി നിയമിക്കുന്നത്. (പ്രസ്തുത കമ്മിറ്റി, സെനറ്റ് തിരഞ്ഞെടുക്കുന്ന അംഗം, യു.ജി.സി നാമനിർദ്ദേശം ചെയ്യുന്ന അംഗം, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന അംഗം എന്നിവർ ഉൾപ്പെട്ടതാണ് ). അംഗങ്ങളിൽ നിന്നും ഒരാളെ ചാൻസലർ കമ്മിറ്റിയുടെ കൺവീനറായി നിയമിക്കുന്നു. കമ്മിറ്റിക്ക് ഏകകണ്ഠമായി ഒരാളെ നാമനിർദ്ദേശം ചെയ്യുവാനാകാത്ത സാഹചര്യത്തിൽ കമ്മിറ്റി നിർദ്ദേശിക്കുന്ന മൂന്ന് പേരിൽ നിന്ന് ഒരാളെ ചാൻസലർ, വൈസ് ചാൻസലറായി നിയമിക്കുന്നു. |
| ബി | ഇത് സംബന്ധിച്ച യു.ജി.സി നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സർവ്വകലാശാലാ വൈസ് ചാൻസലർ നിയമനങ്ങളിൽ പാലിക്കപ്പെടുന്നുണ്ടോ; | ബി | ഇത് സംബന്ധിച്ച യു.ജി.സി നിർദ്ദേശം ചുവടെ ചേർക്കുന്നു.<br>"A distinguished academician with a minimum of ten years of experience as Professor in an University System or ten years of experience in an equivalent position in a reputed research and / or academic organization." എന്നാണ്.<br>എന്നാൽ ഈ നിർദേശം യു.ജി.സി. മരവിപ്പിച്ചിരിക്കുകയാണ്.<br><br>കേരളത്തിലെ സർവ്വകലാശാലകളിലെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും വ്യക്തമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ അനുസരിച്ചാണ് പ്രസ്തുത സർവ്വകലാശാലകളിലെ വൈസ് ചാൻസലറെ നിയമിക്കുന്നത്. യു.ജി.സി നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ ഉപദേശ സ്വഭാവത്തോടു കൂടിയതാണ്. |

| | | | |
|---|---|---|---|
| സി | മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ യോഗ്യത സംബന്ധിച്ച പരാതി പരിശോധിക്കുകയുണ്ടായോ ; വി.സി.യുടെ യോഗ്യത തൃപ്തികരമല്ലെന്ന് കാണിച്ച് സർക്കാർ ഗവർണർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; | സി | മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ യോഗ്യത സംബന്ധിച്ച പരാതി പരിശോധിക്കുകയുണ്ടായി.മഹാത്മാഗാന്ധി സർവ്വകലാശാല നിയമപ്രകാരമുള്ള യോഗ്യതകൾ ഡോ. എ.വി. ജോർജിന് ഉണ്ട്. വി.സി.യായി നിയമിക്കപ്പെടുന്നതിന് ഡോ. ജോർജ് സമർപ്പിച്ചിരുന്ന അപേക്ഷകളിൽ കാണിച്ചിട്ടുള്ള പദവികൾ വസ്തുതാവിരുദ്ധമായതിനാൽ അവ സംബന്ധിച്ച റിപ്പോർട്ട് ബഹു. ചാൻസലർക്ക് നൽകിയിട്ടുണ്ട്. |
| ഡി | വി.സി.യുടെ നിയമനത്തിനായി പാനൽ തയ്യാറാക്കി നൽകിയിരുന്നത് സർക്കാർ പ്രതിനിധികൾ ഉൾപ്പെട്ട സമിതിയായിരുന്നോയെന്ന് വ്യക്തമാക്കുമോ ; | ഡി | വി.സി.യുടെ നിയമനത്തിനായി പാനൽ തയ്യാറാക്കി നൽകിയിരുന്നത് ഒരു സർക്കാർ പ്രതിനിധികൂടി ഉൾപ്പെട്ട സമിതിയായിരുന്നു. |
| ഇ | സമിതിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു ; നിയമിക്കപ്പെട്ട വി.സി.യുടെ പേര് ഉൾപ്പെടെയുള്ള പാനൽ സർക്കാർ അംഗീകരിച്ച ശേഷമാണോ ഗവർണർക്ക് നൽകിയിരുന്നത് ; | ഇ | 1. പ്രൊഫ.സതീഷ് കൊച്ചു പറമ്പിൽ, അസ്സോസിയേറ്റ് പ്രൊഫസർ, ഡി.ബി.കോളേജ്,പരുമല.<br>2. പ്രൊഫ.എം. അനന്തകൃഷ്ണൻ, ചെയർമാൻ, ഐ.ഐ.റ്റി, കാൻപൂർ<br>3. ശ്രീ.ജോസ് സിറിയക്, ഗവൺമെന്റ് ചീഫ് സെക്രട്ടറി<br>എന്നിവരായിരുന്നു സമിതിയിലെ അംഗങ്ങൾ. നിയമിക്കപ്പെട്ട വി.സി.യുടെ പേര് ഉൾപ്പെടെയുള്ള പാനൽ സർക്കാർ അംഗീകരിക്കണമെന്ന് സർവ്വകലാശാലകളുടെ ആക്റ്റിൽ വ്യവസ്ഥയില്ല. |
| എഫ് | വൈസ് ചാൻസലർ നിയമനത്തിനായി ഗവർണ്ണർക്ക് നൽകിയിരുന്നതും ഇപ്പോൾ നൽകിയിട്ടുള്ളതുമായ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; | എഫ് | വൈസ് ചാൻസലർ നിയമനത്തിനായി സർക്കാർ ഗവർണ്ണർക്ക് റിപ്പോർട്ടുകളൊന്നും തന്നെ നൽകിയിരുന്നില്ല. വൈസ് ചാൻസലർ നിയമനത്തിൽ അപാകതയുണ്ടെന്ന് കാണിച്ച് ശ്രീ.സജീവ് ബഹു.രാഷ്ട്രപതിക്ക് നൽകിയ നിവേദനത്തിന്മേൽ ബഹു. ചാൻസലർ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം ബഹു.ചാൻസലറെ അറിയിക്കുകയാണുണ്ടായത്. |
| ജി | വൈസ് ചാൻസലർ നിയമനം പോലുള്ള ഗൗരവമേറിയ വിഷയങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ സർവ്വകലാശാലകളിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ? | ജി | വൈസ് ചാൻസലർ തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നത് ബഹു.ചാൻസലറാണ്. നാളിതുവരെ ഈ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ സർവ്വകലാശാലകളിൽ ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധി ഉണ്ടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് ബഹു.ചാൻസലറാണ്. സർക്കാരിന് ഈ വിഷയങ്ങളിൽ നാമമാത്രമായ പങ്ക് മാത്രമേ വഹിക്കുവാനുള്ളൂ. |

സെക്ഷൻ ഓഫീസർ